

പി.സി സുദർശൻ

# നേരം പുലരുമ്പോൾ
## എന്തെല്ലാം കാണണം...

ഇടത്തും വലത്തുമായി
തെരുവിൽ
രണ്ടു കൊടികളുണ്ട്
പക്ഷഭേദമില്ലാത്ത കാറ്റ്
ഇരുവരെയും പറത്തും
മഞ്ഞും മഴയും വെയിലും
സഹിച്ചു നിൽക്കും
അവർ
വർഗ ശത്രുക്കൾ
പരസ്പരം പോരടിക്കുന്നവർ
പ്രത്യയ ശാസ്ത്രങ്ങൾകൊണ്ട്
അതിർവരമ്പ് തീർത്തവർ
കണ്ടാൽ മിണ്ടാത്തവർ.
രാത്രിയിൽ
തെരുവ് നിശബ്ദമാവുമ്പോൾ
അടക്കിവെച്ചിരുന്ന
നെടുവീർപ്പുകളുണരും
മുഖത്തോടു മുഖം നോക്കും-
ചിരിക്കും
കുശലാന്വേഷണങ്ങൾ നടത്തും
ഇടത്തും വലത്തും നിന്ന്
പോരടിച്ചവരെയും
വിഡ്ഢികളായ രക്തസാക്ഷികളെയും
അവരുടെ വിധവകളെയും
അനാഥരാക്കപ്പെട്ട മക്കളെയും കുറിച്ചോർത്ത്
പൊട്ടിച്ചിരിക്കും, അട്ടഹസിക്കും...
അതിർവരമ്പുകൾ മറിച്ചിട്ട്
പട്ടുമെത്ത വിരിക്കും
കെട്ടിപ്പുണരും
മതിവരാതെ
അടയാളങ്ങളിൽ ചുംബിക്കും
സീൽക്കാര ശബ്ദങ്ങൾ
രാത്രിയുടെ നിശബ്ദതയിൽ ലയിക്കും
നേരം പുലരാതിരുന്നെങ്കിലെന്ന്
കാതിൽ മന്ത്രിക്കും
അപ്പോൾ
കാവലിരുന്ന് വെള്ളമൂറുന്ന
തെരുവ് നായ്ക്കള്ളല്ലാതെ
ചുറ്റും മറ്റാരും ഉണ്ടായിരിക്കില്ല.

Vol. No: 70 Issue No. 19 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla